പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3182 | 14.07.2015-ൽ മറുപടിയ്ക്ക്

# വടക്കൻ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വടക്കൻ ജില്ലകളിലെ ഉൾനാടൻ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ ഈ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 885 കി. മീ. 11 കെ. വി ലൈൻ നിർമ്മിക്കുകയും 1630 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 956.18 കി. മീ എൽ. റ്റി. ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 1066 കി. മീ. എച്ച്. റ്റി. ലൈൻ നിർമ്മിക്കാനും 1617 ട്രാൻസ്ഫോർമർ സ്ഥാപിക്കാനും 1339 കി. മീ. എൽ. റ്റി. സിംഗിൾ ഫേസ് ലൈൻ ത്രി ഫേസ് ലൈനാക്കി മാറ്റി സ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുള്ളതിൽ ഇതുവരെ 87.22 കി. മീ. 11 കെ. വി ലൈൻ നിർമ്മിക്കുകയും 232 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 151.96 കി. മീ എൽ. റ്റി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തു. |
| (ബി) കാലവർഷത്തിന് മുന്നോടിയായി നടത്തിവരുന്ന മെയിന്റനൻസ് പ്രവൃത്തികൾ കാര്യക്ഷമമായി നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ വകുപ്പിനു കീഴിൽ പ്രായോഗിക നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) വൈദ്യുതി വിതരണത്തിന് പരമാവധി കൃത്യതയും, പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും മേൽപ്പറഞ്ഞ പ്രവൃത്തികൾ അനിവാര്യമാണെന്ന് മനസ്സിലാക്കി നടപടികൾ സ്വീകരിക്കുമോ ? | (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.